
# കേരള നവോത്ഥാനം

Plus Points



1. കേരള നവോത്ഥാനത്തിന്റെ പിതാവ്?
(A) കുമാരനാശാൻ (B) ശ്രീനാരായണഗുരു
(C) അയ്യങ്കാളി (D) കെ കേളപ്പൻ
2. എസ്എൻഡിപിയുടെ ആദ്യ സെക്രട്ടറി ആരായിരുന്നു?
(A) ശ്രീനാരായണഗുരു (B) കുമാരനാശാൻ
(C) മന്നത്തു പത്മനാഭൻ (D) ഡോ. പൽപ്പു
3. തിരുവിതാംകൂറിന്റെ ഝാൻസിറാണി എന്നറിയപ്പെടുന്നത്?
(A) അക്കമ്മ ചെറിയാൻ (B) റാണി ലക്ഷ്മിഭായി
(C) ലളിതാംബിക അന്തർജ്ജനം
(D) സരോജിനി നായിഡു
4. കേരള കൗമുദി പത്രം സ്ഥാപിച്ചത് ആര്?
(A) പി കൃഷ്ണപിള്ള (B) സി കേശവൻ
(C) സി കൃഷ്ണൻ (D) സി വി കുഞ്ഞിരാമൻ
5. 1935ൽ നിവർത്തന പ്രക്ഷോഭത്തിന്റെ ഭാഗമായി 'കോഴഞ്ചേരി പ്രസംഗം' നടത്തിയത്?
(A) സി കൃഷ്ണൻ (B) എ കെ ഗോപാലൻ
(C) സി കേശവൻ (D) സഹോദരൻ അയ്യപ്പൻ
6. കേരളത്തിന്റെ വന്ദ്യവയോധികൻ എന്നറിയപ്പെടുന്നത്?
(A) ദാദാബായ് നവറോജി (B) ശ്രീനാരായണഗുരു
(C) ചട്ടമ്പിസ്വാമികൾ (D) കെ പി കേശവമേനോൻ
7. മിതവാദി പത്രം ആരംഭിച്ചത്?
(A) പാമ്പാടി ജോൺ ജോസഫ്
(B) ബാലഗംഗാധര തിലക്
(C) ഗോപാലകൃഷ്ണ ഗോഖലെ
(D) മൂർക്കോത്ത് കുമാരൻ
8. കേരളത്തിലെ ദരിദ്ര വിദ്യാർഥികൾക്ക് പഠിക്കാനുള്ള സാഹചര്യം ഉണ്ടാക്കണമെന്നാവശ്യപ്പെട്ട് 'യാചനയാത്ര' നടത്തിയത്?
(A) എ കെ ഗോപാലൻ (B) വി ടി ഭട്ടതിരിപ്പാട്
(C) മന്നത്തു പത്മനാഭൻ (D) അയ്യങ്കാളി
9. 'മയ്യഴി ഗാന്ധി' എന്ന് വിശേഷിപ്പിക്കുന്നത് ആരെയാണ്?
(A) കെ കേളപ്പൻ (B) ഖാൻ അബ്ദുൽഗാഫർ
(C) ഐ കെ കുമാരൻ (D) കെ വി രാമൻ മേനോൻ
10. കുര്യാക്കോസ് ഏലിയാസ് ചാവറ ജനിച്ച സ്ഥലം ഏതാണ്?
(A) ചവറ (B) സ്വാമിത്തോപ്പ്
(C) ചേരാനല്ലൂർ (D) കൈനകരി
11. 'ഗജേന്ദ്രമോക്ഷം വഞ്ചിപ്പാട്ട്' ആരുടെ കൃതിയാണ്?
(A) ഉണ്ണായിവാര്യർ (B) ഇരയിമൻതമ്പി
(C) എ ആർ രാജരാജവർമ്മ (D) ശ്രീനാരായണഗുരു
12. ശ്രീനാരായണഗുരുവിനെ ഗാന്ധിജി സന്ദർശിച്ചത്?
(A) 1922 നവംബർ 22 (B) 1925 മാർച്ച് 12
(C) 1912 മാർച്ച് 22 (D) 1921 മാർച്ച് 21
13. സമപന്തിഭോജനം നടത്തിയ നവോത്ഥാന നായകൻ?
(A) തൈക്കാട് അയ്യ (B) ചട്ടമ്പി സ്വാമികൾ
(C) പണ്ഡിറ്റ് കറുപ്പൻ (D) വൈകുണ്ഠസ്വാമികൾ
14. ആരുടെ ബാല്യകാല നാമമാണ് കൊമാരൻ (കുമാരൻ)?
(A) കുമാരനാശാൻ
(B) പൊയ്കയിൽ യോഹന്നാൻ
(C) മൂർക്കോത്ത് കുമാരൻ (D) ഡോ. പൽപ്പു
15. വൈക്കം സത്യാഗ്രഹത്തിന്റെ ഭാഗമായി സവർണ്ണജാഥ നയിച്ചത്?
(A) മന്നത്ത് പത്മനാഭൻ (B) കെ കേളപ്പൻ
(C) വി ടി ഭട്ടതിരിപ്പാട് (D) എ കെ ഗോപാലൻ
16. പിടിയരി സമ്പ്രദായവുമായി ബന്ധപ്പെട്ട നവോത്ഥാന നായകൻ?
(A) കുര്യാക്കോസ് ഏലിയാസ് ചവറ
(B) പൊയ്കയിൽ യോഹന്നാൻ
(C) ബ്രഹ്മാനന്ദ ശിവയോഗി (D) വാഗ്ഭടാനന്ദൻ
17. കവി തിലകൻ എന്നറിയപ്പെട്ടത്
(A) കുമാരനാശാൻ (B) പണ്ഡിറ്റ് കറുപ്പൻ
(C) വി ടി ഭട്ടതിരിപ്പാട് (D) കെ പി കേശവമേനോൻ
18. 'ജാതിനാശിനി സഭ' രൂപീകരിച്ചതാര്?
(A) ആനന്ദതീർത്ഥൻ (B) കെ കേളപ്പൻ
(C) ശ്രീനാരായണഗുരു (D) ബ്രഹ്മാനന്ദ ശിവയോഗി
19. 'ആനന്ദ മഹാസഭ' സ്ഥാപിച്ചത്?
(A) സഹോദരൻ അയ്യപ്പൻ
(B) ആറാട്ടുപുഴ വേലായുധ പണിക്കർ
(C) ബ്രഹ്മാനന്ദ ശിവയോഗി (D) ആഗമാനന്ദ സ്വാമി
20. 'ആത്മവിദ്യാസംഘം' എന്ന സംഘടന സ്ഥാപിച്ചത്?
(A) വാഗ്ഭടാനന്ദൻ (B) ആനന്ദതീർത്ഥൻ
(C) സഹോദരൻ അയ്യപ്പൻ (D) തൈക്കാട് അയ്യ
21. 'മുടിചൂടും പെരുമാൾ' എന്ന നാമധേയത്തിൽ അറിയപ്പെട്ടിരുന്നത്?
(A) തൈക്കാട് അയ്യ (B) ചട്ടമ്പിസ്വാമികൾ
(C) സഹോദരൻ അയ്യപ്പൻ (D) വൈകുണ്ഠസ്വാമികൾ
22. പന്തിഭോജനം ആരംഭിച്ച സാമൂഹിക പരിഷ്കർത്താവ്?
(A) തൈക്കാട് അയ്യ (B) വൈകുണ്ഠസ്വാമികൾ
(C) പണ്ഡിറ്റ് കറുപ്പൻ (D) ശ്രീനാരായണഗുരു
23. ശ്രീനാരായണഗുരു ശിവഗിരിയിൽ ശാരദ പ്രതിഷ്ഠ നടത്തിയ വർഷം?
(A) 1904 (B) 1908
(C) 1916 (D) 1912
24. സമത്വസമാജം സ്ഥാപിച്ചതാര്?
(A) തൈക്കാട് അയ്യ (B) വൈകുണ്ഠസ്വാമികൾ
(C) മക്തി തങ്ങൾ (D) മൂർക്കോത്ത് കുമാരൻ
25. അച്ചിപ്പുടവ സമരത്തിന്റെ നേതാവ്?
(A) ആറാട്ടുപുഴ വേലായുധ പണിക്കർ
(B) ടി ആർ കൃഷ്ണസ്വാമി അയ്യർ
(C) പി കെ ചാത്തൻമാസ്റ്റർ (D) വി ടി ഭട്ടതിരിപ്പാട്
26. സ്വദേശാഭിമാനി പത്രത്തിന്റെ സ്ഥാപകൻ?
(A) കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള
(B) രാമകൃഷ്ണപിള്ള
(C) വക്കം അബ്ദുൽ ഖാദർ മൗലവി
(D) സി പി ഗോവിന്ദപിള്ള
27. ശ്രീനാരായണഗുരു ശിവഗിരിമഠം സ്ഥാപിച്ച വർഷം?
(A) 1902 (B) 1912
(C) 1908 (D) 1904
28. സർവ്വവിദ്യാധിരാജ എന്ന പേരിൽ അറിയപ്പെട്ട നവോത്ഥാന നായകൻ
(A) ചട്ടമ്പിസ്വാമികൾ (B) ആഗമാനന്ദസ്വാമി
(C) ബ്രഹ്മാനന്ദ ശിവയോഗി (D) ആനന്ദതീർത്ഥൻ
29. ചട്ടമ്പിസ്വാമി സ്മാരകം സ്ഥിതിചെയ്യുന്നത്?
(A) വെങ്ങാനൂർ (B) ശിവഗിരി
(C) പന്മന (D) മാന്നാനം
30. ജാതിഒന്ന്, മതം ഒന്ന്, കുലം ഒന്ന്, ദൈവം ഒന്ന്, ലോകം ഒന്ന് എന്ന് പ്രസ്താവിച്ചത്
(A) ശ്രീനാരായണഗുരു (B) വൈകുണ്ഠസ്വാമികൾ
(C) തൈക്കാട് അയ്യ (D) ബ്രഹ്മാനന്ദ ശിവയോഗി
31. സുബ്ബരായൻ എന്നത് ആരുടെ യഥാർത്ഥ നാമമാണ്?
(A) അയ്യങ്കാളി (B) വാഗ്ഭടാനന്ദൻ
(C) പണ്ഡിറ്റ് കറുപ്പൻ (D) തൈക്കാട് അയ്യ
32. ചട്ടമ്പിസ്വാമിയെ ആദരിച്ച് ശ്രീനാരായണഗുരു രചിച്ച കൃതി ഏത്?
(A) നവമഞ്ജരി (B) ജാതിമീമാംസ
(C) ദൈവദശകം (D) ശിവശതകം
33. 'സാധുജന പരിപാലനസംഘം' സ്ഥാപിച്ചതാര്?
(A) അയ്യങ്കാളി (B) തൈക്കാട് അയ്യ



(C) സഹോദരൻ അയ്യപ്പൻ
(D) അയ്യാ വൈകുണ്ഠസ്വാമികൾ
34. ചട്ടമ്പിസ്വാമി ഷൺമുഖദാസൻ എന്നുവിളിച്ച സാമൂഹ്യ പരിഷ്കർത്താവ്?
(A) ശ്രീനാരായണഗുരു (B) വൈകുണ്ഠസ്വാമികൾ
(C) തൈക്കാട് അയ്യ (D) അയ്യങ്കാളി
35. സൂപ്രണ്ട് അയ്യ എന്നപേരിൽ അറിയപ്പെട്ടിരുന്നത് ആരാണ്?
(A) തൈക്കാട് അയ്യ (B) അയ്യങ്കാളി
(C) സഹോദരൻ അയ്യപ്പൻ
(D) അയ്യാ വൈകുണ്ഠസ്വാമികൾ
36. അയ്യങ്കാളി സ്മാരകം (ചിത്രകൂടം) സ്ഥിതിചെയ്യുന്നത്?
(A) പന്മന (B) തോന്നയ്ക്കൽ
(C) ശിവഗിരി (D) വെങ്ങാനൂർ
37. പൊതുവഴിയിലൂടെ താഴ്ന്ന ജാതിക്കാർക്ക് സഞ്ചാര സ്വാതന്ത്ര്യത്തിനുവേണ്ടി വെങ്ങാനൂർ മുതൽ കവടിയാർകൊട്ടാരംവരെ വില്ലുവണ്ടി സമരം നടത്തിയത്?
(A) ശ്രീനാരായണഗുരു (B) തൈക്കാട് അയ്യ
(C) അയ്യങ്കാളി
(D) അയ്യാ വൈകുണ്ഠസ്വാമികൾ
38. 'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്' എന്ന നാടകത്തിന്റെ കർത്താവ്?
(A) എൻ കൃഷ്ണപിള്ള (B) എൻ എൻ പിള്ള
(C) വി ടി ഭട്ടതിരിപ്പാട് (D) ഇ വി കൃഷ്ണപിള്ള
39. 'കേരളത്തിലെ മദൻമോഹൻ മാളവ്യ' എന്ന് മന്നത്ത് പത്മനാഭനെ വിശേഷിപ്പിച്ചതാര്?
(A) സർദാർ കെ എം പണിക്കർ
(B) കെ കേളപ്പൻ
(C) സഹോദരൻ അയ്യപ്പൻ (D) ബ്രഹ്മാനന്ദ ശിവയോഗി
40. ആരുടെ മുന്നിലാണ് രണ്ടാം ഈഴവ മെമ്മോറിയൽ (1900) സമർപ്പിക്കപ്പെട്ടത്?
(A) ശ്രീമൂലം തിരുനാൾ (B) കഴ്സൺ പ്രഭു
(C) ഇർവിൻ പ്രഭു (D) ആയില്യം തിരുനാൾ
41. അൽ ഇസ്ലാം, ദീപിക എന്നീ മാസികകൾ ആരംഭിച്ചത്?
(A) ഖാൻ അബ്ദുൽ ഗാഫർഖാൻ
(B) മുഹമ്മദലി ജിന്ന (C) ഷൗക്കത്ത്അലി
(D) വക്കം അബ്ദുൾഖാദർ മൗലവി
42. 'ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട മനുഷ്യന്' എന്ന സന്ദേശം നൽകിയത്?
(A) ശ്രീനാരായണഗുരു (B) സഹോദരൻ അയ്യപ്പൻ
(C) വൈകുണ്ഠസ്വാമികൾ (D) ആനന്ദതീർത്ഥൻ
43. പ്രീതിഭോജനം നടത്തിയ നവോത്ഥാന നായകൻ
(A) വാഗ്ഭടാനന്ദൻ
(B) പാമ്പാടി ജോൺ ജോസഫ്
(C) എം സി ജോസഫ് (D) ബ്രഹ്മാനന്ദ ശിവയോഗി
44. അരയ സമാജം സ്ഥാപിച്ചതാര്?
((A) പണ്ഡിറ്റ് കറുപ്പൻ (B) അയ്യങ്കാളി
(C) ഡോ. പൽപ്പു (D) തൈക്കാട് അയ്യ
45. കണ്ണൂരിൽനിന്നും മദ്രാസിലേക്ക് പട്ടിണിജാഥ നയിച്ച നേതാവ്?
(A) വി ടി ഭട്ടതിരിപ്പാട് (B) മന്നത്തു പത്മനാഭൻ
(C) എ കെ ഗോപാലൻ (D) അയ്യത്താൻ ഗോപാലൻ
46. 'പ്രത്യക്ഷ രക്ഷാ ദൈവസഭ' സ്ഥാപിച്ചതാര്?
(A) കുര്യാക്കോസ് ഏലിയാസ് ചാവറ
(B) പൊയ്കയിൽ യോഹന്നാൻ
(C) പാമ്പാടി ജോൺ ജോസഫ്
(D) സി വി കുഞ്ഞിരാമൻ
47. പെരിനാട്ടു ലഹള എന്നറിയപ്പെട്ട കല്ലുമാല സമരം നയിച്ചത്?
(A) അയ്യങ്കാളി (B) വൈകുണ്ഠസ്വാമികൾ
(C) തൈക്കാട് അയ്യ (D) പണ്ഡിറ്റ് കറുപ്പൻ
48. വേദാധികാര നിരൂപണം എന്ന കൃതിയുടെ കർത്താവ്?
(A) വാഗ്ഭടാനന്ദൻ (B) ചട്ടമ്പിസ്വാമി
(C) ആനന്ദതീർത്ഥൻ (D) ആഗമാനന്ദസ്വാമി
49. മാനവസേവയാണ് ഈശ്വരസേവ എന്ന മുദ്രാവാക്യം മുഴക്കിയത്
(A) ആഗമാനന്ദസ്വാമി (B) വാഗ്ഭടാനന്ദൻ
(C) ആനന്ദതീർത്ഥൻ (D) ബ്രഹ്മാനന്ദ ശിവയോഗി
50. നായർ സർവ്വീസ് സൊസൈറ്റിയുടെ ആദ്യ പ്രസിഡന്റ്
(A) മന്നത്തു പത്മനാഭൻ (B) പരമുപിള്ള
(C) പനങ്ങോട് കേശവപണിക്കർ
(D) കെ കേളപ്പൻ

## Answers

1 (B) 2 (B) 3 (A) 4 (D) 5 (C) 6 (D) 7 (D) 8 (B) 9 (C) 10 (D) 11 (D) 12 (B) 13 (D) 14 (B) 15 (A) 16 (A) 17 (B) 18 (A) 19 (C) 20 (A) 21(D) 22 (A) 23 (D) 24 (B) 25 (A) 26 (C) 27 (D) 28 (A) 29 (C) 30 (B) 31 (D) 32 (A) 33 (A) 34 (C) 35 (A) 36 (D) 37 (C) 38 (C) 39 (A) 40 (B) 41 (D) 42 (B) 43 (A) 44 (A) 45 (C) 46 (B) 47 (A) 48 (B) 49 (C) 50 (D)

# കേരള നവോത്ഥാന ശില്പികൾ




## ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ (1805–1871)

* കാലത്തിനു മുമ്പേ നടന്ന നവോത്ഥാന നായകനായി വിശേഷിപ്പിക്കപ്പെട്ടിട്ടുള്ള ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ ചലനാത്മകമായ ബഹുമുഖ വ്യക്തിത്വത്തിനുടമയാണ്.
* വിദ്യാഭ്യാസവും പുസ്തക പ്രസാധനവും ഉൾപ്പെടെയുള്ള മഹനീയ കർമങ്ങളിലൂടെ കേരള നവോത്ഥാനത്തിന് മഹനീയ സംഭാവനകൾ നൽകിയ അദ്ദേഹം 'സാക്ഷരതയുടെ പിതാവ്' എന്നറിയപ്പെടുന്നു.
* ചാവറയച്ചൻ 1805 ഫിബ്രവരി 10-ന് കുട്ടനാട്ടിലെ കൈനകരിയിൽ ജനിച്ചു. പാരമ്പര്യരീതിയിലുള്ള വിദ്യാഭ്യാസത്തിനുശേഷം അദ്ദേഹം പള്ളിപ്പുറം സെമിനാരിയിൽ വൈദിക വിദ്യാർഥിയായി. അക്കാലത്ത് മാതാപിതാക്കളും ഏക സഹോദരനും മരിച്ചു.
* വൈദികപഠനം അവസാനിപ്പിക്കാൻ ബന്ധുക്കൾ നിർബന്ധിച്ചെങ്കിലും വഴങ്ങിയില്ല. 1829-ൽ പൗരോഹിത്യം സ്വീകരിച്ച ചാവറയച്ചൻ കുറേക്കാലം ചേന്നങ്കരിയിലും പുളിങ്കുന്നിലും താമസിച്ചു.
* 1831 മെയ് ഒന്നിന് ഇന്ത്യയിലെ ആദ്യത്തെ ക്രൈസ്തവ സന്യാസിസഭയ്ക്ക് പാലയ്ക്കൽ തോമാ മൽപാന്റെയും പോരൂക്കര തോമാ മൽപാന്റെയും സഹായത്തോടെ ചാവറയച്ചൻ മാന്നാനത്ത് തുടക്കമിട്ടു. ഇതാണ് പിൽക്കാലത്ത് സി.എം.ഐ. സഭയായി രൂപാന്തരപ്പെട്ടത്.
* 1855–മുതൽ ചാവറയച്ചൻ സഭയുടെ പ്രിയോർ ജനറലായി. 1861–ൽ വികാരി ജനറലായി. പള്ളിയോടൊപ്പം പള്ളിക്കൂടവും സ്ഥാപിക്കണമെന്ന് കർശന നിർദേശം നൽകുകയും (1865) അങ്ങനെ ചെയ്യാത്ത പള്ളികളെ പള്ളിമുടക്ക് കൽപിക്കുകയും ചെയ്തതിലൂടെ കേരളത്തിൽ കത്തോലിക്കാസഭയുടെ പള്ളിക്കൂട വിദ്യാഭ്യാസം അദ്ദേഹം സമാരംഭിച്ചു.
* കേരളത്തിലെ ക്രിസ്ത്യൻസഭയെ പാശ്ചാത്യമാതൃകയിലുള്ള സഭയായി മാറ്റിയപ്പോൾ നൂറ്റാണ്ടുകളായി കാത്തുസൂക്ഷിച്ച ഭാരതീയ ക്രൈസ്തവ പാരമ്പര്യത്തിന്റെ തനിമയും വ്യക്തിത്വവും തുടരണമെന്ന് ചാവറയച്ചൻ ആഗ്രഹിച്ചു. അതിനുവേണ്ടി മാന്നാനത്തും(1833) വാഴക്കുന്നത്തും(1866) എൽത്തുരുത്തിയിലും (1868) പുളിങ്കുന്നിലും (1872) ചാവറയച്ചൻ സെമിനാരികൾ സ്ഥാപിച്ചു.
* കേരളത്തിൽ കത്തോലിക്കാസഭയുടെ ആദ്യത്തെ പ്രസ് മാന്നാനത്ത് 1844-ൽ ആരംഭിച്ചത് കുര്യാക്കോസച്ചനാണ്. വിദേശികളുടെ സഹായംകൂടാതെ കേരളത്തിൽ സ്ഥാപിതമായ ആദ്യത്തെ അച്ചടിശാലയാണിത്. ദീപിക പത്രം 1887-ൽ പുറത്തുവന്നത് ഇവിടെ നിന്നാണ്. അദ്ദേഹം തൃശ്ശൂരിലെ കൂനമ്മാവിലും മറ്റൊരു പ്രസ് സ്ഥാപിച്ചു.
* മാന്നാനം പ്രസിൽ അച്ചടിച്ച ആദ്യ പുസ്തകം ജ്ഞാനപീയൂഷമാണ്.
* 1846-ൽ മാന്നാനത്ത് ഒരു സംസ്കൃത വിദ്യാലയം സ്ഥാപിച്ചാണ് ചാവറയച്ചൻ നവോത്ഥാനം സമാരംഭിച്ചത്. അവിടെ അദ്ദേഹം ദളിതരെയും പിന്നാക്കാവസ്ഥയിൽപ്പെടുന്നവരെയും പ്രവേശിപ്പിച്ചു.
* വരേണ്യരെന്ന് അഭിമാനിച്ചിരുന്ന നസ്രാണി ക്രിസ്ത്യാനികൾക്ക് പരമപുച്ഛമായിരുന്ന പറയ, പുലയ സമുദായത്തിലുള്ളരെ സമഭാവനയോടെ കണ്ട് അവരെ അദ്ദേഹം തന്റെ സ്കൂളിലേക്ക് വിദ്യാഭ്യാസത്തിനായി ക്ഷണിച്ചു.
* അധഃകൃതരായ ദളിതർക്കുവേണ്ടി മാന്നാനത്തും ആർപ്പൂക്കരയിലും പ്രാഥമിക വിദ്യാഭ്യാസം തുടങ്ങി. അക്കാലത്ത് അവർക്ക് സർക്കാർ സ്കൂളിൽ പ്രവേശനം ഉണ്ടായിരുന്നില്ല. വിദ്യാഭ്യാസ്ത്തിനു പുറമേ ഭക്ഷണം, വസ്ത്രം, പുസ്തകം മുതലായവ സൗജന്യമായി വിതരണം ചെയ്യാനും അദ്ദേഹം ശ്രദ്ധിച്ചു.
* തമിഴ്, മലയാളം, സംസ്കൃതം, ലത്തീൻ, സുറിയാനി, പോർച്ചുഗീസ്, ഇറ്റാലിയൻ, ഇംഗ്ലീഷ് തുടങ്ങിയ നിരവധി ഭാഷകളിൽ ചാവറയച്ചന് പാണ്ഡിത്യമുണ്ടായിരുന്നു.
* 'ആത്മാനുതാപം' എന്ന മഹാകാവ്യത്തിനു പുറമേ 'അനസ്താസിയയുടെ രക്തസാക്ഷ്യം', 'ധ്യാനസല്ലാപങ്ങൾ', 'നല്ല അപ്പന്റെ ചാവരുൾ', 'മരണവീട്ടിൽ പാടുന്നതിനുള്ള പാന', 'നാളാഗമങ്ങൾ' എന്നിവയാണ് ചാവറയുടെ മുഖ്യകൃതികൾ.
* 1871 ജനവരി മൂന്നിന് കൂനമ്മാവിൽ ചാവറയച്ചൻ അന്തരിച്ചു. 1986–ൽ അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. 2014 നവംബറിൽ അദ്ദേഹത്തെ മാർപ്പാപ്പ വിശുദ്ധനായി പ്രഖ്യാപിച്ചു.
* ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ ഭൗതികാവശിഷ്ടം സൂക്ഷിച്ചിരിക്കുന്നത് മാന്നാനത്താണ്.
* വിശുദ്ധ അൽഫോൻസാമ്മയുടെ ഭൗതികാവശിഷ്ടം സൂക്ഷിച്ചിരിക്കുന്നത് ഭരണങ്ങാനത്താണ്.കോട്ടയം ജില്ലയിലാണ് രണ്ടു സ്ഥലങ്ങളും.
* ഓരോ പള്ളിക്കുംഒപ്പം ഒരു സ്കൂളും നിർമിക്കണം എന്ന ആശയം മുന്നോട്ട്വച്ച നവോത്ഥാന നായകനാണ് ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ.
* ദൈവദാസൻ എന്നറിയപ്പെട്ട സാമൂഹിക പരിഷ്കർത്താവാണ് ചാവറയച്ചൻ.

## വൈകുണ്ഠ സ്വാമികൾ (1809–1851)

* കന്യാകുമാരി ജില്ലയിലെ നാഗർകോവിലിനടുത്ത് സ്വാമിത്തോപ്പിൽ പൊന്നുനാടാരുടെയും വെയിലാളുടെയും മകനായി 1809-ൽ വൈകുണ്ഠസ്വാമികൾ ജനിച്ചു.
* ആദ്യം മുടിചൂടുംപെരുമാൾ (കിരീടംചൂടിയമഹാവിഷ്ണു എന്നർഥം ) എന്ന് പേരിട്ടെങ്കിലും ഉയർന്ന ജാതിക്കാരുടെ എതിർപ്പുകാരണം മുത്തുക്കുട്ടി എന്നു മാറ്റേണ്ടിവന്നു. ഉയർന്ന ജാതിക്കാർ മാത്രമേ പെരുമാൾ എന്ന പദം പേരിൽ ഉപയോഗിക്കൂ എന്ന വഴക്കംമൂലമാണ് പേരു മാറ്റേണ്ടിവന്നത്.
* അവർണരുടെ അവശതകൾക്കും രാജഭരണത്തിന്റെ പോരായ്മകൾക്കും എതിരായി പോരാടിയ അദ്ദേഹം 1836–ൽ സമത്വസമാജം സ്ഥാപിച്ചു. കേരളത്തിലെ ആദ്യത്തെ സാമൂഹിക സംഘടനയായിരിക്കാം ഇത്.
* മേൽമുണ്ടു സമരത്തിൽ പ്രചോദനം നൽകിയ പ്രധാനികളിൽ ഒരാളായിരുന്നു വൈകുണ്ഠസ്വാമികൾ. താഴ്ന്ന ജാതിക്കാർ മേൽമുണ്ട് ധരിക്കുന്നത് വിലക്കിയിരുന്ന ഭരണകൂടത്തിനെതിരെ വൈകുണ്ഠസ്വാമികൾ സമരത്തിനിറങ്ങി. മേൽമുണ്ട് ധരിക്കാൻ ജന്മസിദ്ധമായ അവകാശം എല്ലാവർക്കുമുണ്ടെന്ന് അദ്ദേഹം പ്രഖ്യാപിച്ചു.



* പൊതുകിണറുകളിൽനിന്ന് വെള്ളമെടുക്കാൻ താഴ്ന്ന ജാതിക്കാർക്ക് അവകാശമില്ലാതിരുന്നതിനെയും വൈകുണ്ഠസ്വാമി ചോദ്യം ചെയ്തു. ആ അനീതിയെ നേരിടാൻ, എല്ലാ ജാതിക്കാർക്കും ഒരു പോലെ ഉപയോഗിക്കാവുന്ന കിണറുകൾ കുഴിക്കാൻ നേതൃത്വം നൽകി
* സ്വാമിത്തോപ്പിലെ വൈകുണ്ഠക്ഷേത്രത്തിനടുത്തുള്ള കിണറിനെ മുതിരിക്കിണർ, സ്വാമിക്കിണർ എന്നിങ്ങനെ അറിയപ്പെടുന്നു.
* നല്ല വീടുകൾ നിർമിക്കാനും വൃത്തിയുള്ള വസ്ത്രങ്ങൾ ധരിക്കാനും സ്ത്രീസമത്വത്തിനായി പ്രവർത്തിക്കാനും അദ്ദേഹം തന്റെ അനുയായികളെ ഉപദേശിച്ചു.
* ബ്രാഹ്മണ പൂജാരിമാർ എറിഞ്ഞുകൊടുക്കുന്ന നൈവേദ്യങ്ങളും മറ്റും ഭക്തജനങ്ങൾ സ്വീകരിച്ചിരുന്നത് അകലെ മാറിനിന്നായിരുന്നു. വൈകുണ്ഠസ്വാമി ഈ പതിവുമാറ്റി വിവിധ ജാതികളിൽനിന്ന് പൂജാരിമാരെ ചുമതലപ്പെടുത്തുകയും ഭസ്മം നെറ്റിയിൽ കൈവിരൽകൊണ്ട് തൊട്ടുതേച്ചുകൊടുക്കുന്ന രീതിക്ക് രൂപം കൊടുക്കുകയും ചെയ്തു.
* വൈകുണ്ഠസ്വാമികൾ രചിച്ച അകിലത്തിരട്ട്, അരുൾനൂൽ എന്നീ കൃതികൾ ചരിത്രപരവും ആത്മകഥാപരവും ദാർശനികവുമായ ഉള്ളടക്കംകൊണ്ട് ശ്രദ്ധേയമാണ്
* രാജഭരണത്തെയും വൈദേശിക ഭരണത്തെയും അയ്യാ വൈകുണ്ഠർ എതിർത്തു. ബ്രിട്ടീഷ് ഭരണത്തെ വെൺനീചൻ എന്നും തിരുവിതാംകൂർ ഭരണത്തെ അനന്തപുരത്തെ നീചൻ എന്നും വിളിച്ചത് വൈകുണ്ഠസ്വാമികളാണ്.
* 1837ൽ സ്വാതി തിരുനാൾ മഹാരാജാവിന്റെ ഭരണകാലത്ത് വൈകുണ്ഠസ്വാമികളെ അറസ്റ്റുചെയ്ത് തിരുവനന്തപുരത്ത് ശിങ്കാരത്തോപ്പ് ജയിലിൽ പാർപ്പിച്ചു.
* 'ജാതി ഒന്ന്, മതം ഒന്ന്, കുലം ഒന്ന്,ദൈവം ഒന്ന്' എന്ന സന്ദേശം നൽകിയ സാമൂഹിക പരിഷ്കർത്താവാണ് വൈകുണ്ഠസ്വാമികൾ.
* അവർണവിഭാഗങ്ങളെ ഒരുമിപ്പിച്ചുകൊണ്ട് ക്ഷേത്രപ്രവേശനത്തിന്വേണ്ടി വൈകുണ്ഠസ്വാമികൾ നടത്തിയ സമരമാണ് അയിത്തോച്ചാടന പ്രക്ഷോഭത്തിന് തുടക്കം കുറിച്ചത്.
* മഹാവിഷ്ണുവിന്റെ അവതാരമായിട്ടാണ് താൻ പുതുജന്മമെടുത്തതെന്നും താൻ വൈകുണ്ഠ സ്വാമികളാണെന്നും അദ്ദേഹം പ്രഖ്യാപിച്ചിരുന്നു.
* ദക്ഷിണേന്ത്യയിലാദ്യമായി കണ്ണാടി പ്രതിഷ്ഠ നടത്തിയത് അയ്യാ വൈകുണ്ഠരാണ്. അദ്ദേഹം സ്ഥാപിച്ച ക്ഷേത്രങ്ങൾ നിഴൽ താങ്കൽ എന്നറിയപ്പെട്ടു.
* വൈകുണ്ഠസ്വാമികളുടെ പല ആശയങ്ങളും മാതൃകകളും ശ്രീനാരായണഗുരുവിനെ സ്വാധീനിച്ചിരുന്നു എന്നു വിലയിരുത്തപ്പെടുന്നു. ശ്രീനാരായണഗുരു ഒരു ശൈവ വിശ്വാസിയും വൈകുണ്ഠസ്വാമികൾ വൈഷ്ണവ വിശ്വാസിയും ആയിരുന്നെങ്കിലും ശൈവവൈഷ്ണവ വൈരം അവർക്കിടയിൽ ഉണ്ടായിരുന്നില്ല.
* സവർണ്ണേതരർ ആത്മാഭിമാനത്തോടെ ഹിന്ദുമതത്തിലെ അനാചാരങ്ങൾക്കെതിരെ ശബ്ദമുയർത്തണം എന്നായിരുന്നു വൈകുണ്ഠസ്വാമികളുടെ താത്പര്യം.
* ഹിന്ദുമതത്തിലെ വിവേചനത്തിനു പരിഹാരം ക്രിസ്തുമതമല്ലെന്നദ്ദേഹം ദൃഢമായി വിശ്വസിച്ചു. ഹിന്ദുമതത്തിനുള്ളിൽനിന്നുകൊണ്ടുതന്നെ അതിലെ വിവേചനങ്ങൾക്ക് പരിഹാരവും കാണേണ്ടതുണ്ടെന്നദ്ദേഹം ആവർത്തിച്ചുവ്യക്തമാക്കി.
* വേല ചെയ്താൽ കൂലി കിട്ടണം എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് ജന്മിമാരുടെ നിർബന്ധിത അടിമവേലയ്ക്കെതിരെ വൈകുണ്ഠസ്വാമികൾ ആഞ്ഞടിച്ചു.
* അയ്യാ വൈകുണ്ഠർ മുന്നോട്ടുവച്ച ദാർശനിക ചിന്താപദ്ധതിയാണ് അയ്യാവഴി. ധർമയുഗം സ്ഥാപിക്കുക എന്നതായിരുന്നു അതിന്റെ ലക്ഷ്യം.
* സ്വന്തംചിത്രമെടുത്ത് പ്രദർശിപ്പിക്കുവാനും ആരാധനാബിംബമാക്കുന്നതിനും വൈകുണ്ഠസ്വാമികൾ അനുവദിച്ചിരുന്നില്ല. എല്ലാ ജാതിയിൽപ്പെട്ടവരെയും തന്റെ ശിഷ്യൻമാരായി അദ്ദേഹം അംഗീകരിച്ചിരുന്നു.
* ജനങ്ങൾക്ക് ചിട്ടയോടുകൂടിയ വിശുദ്ധ ജീവിതം നയിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനായി അദ്ദേഹം സ്ഥാപിച്ച കൂട്ടായ്മകൾ തുവയൽ പന്തികൾ എന്ന പേരിലാണ് അറിയപ്പെട്ടത്.
* 1851 ജൂൺ മൂന്നിന് അയ്യാ വൈകുണ്ഠർ ഇഹലോകവാസം വെടിഞ്ഞു.

# കേരള നവോത്ഥാന ശില്പികൾ

## തൈക്കാട് അയ്യ (1814–1909)

തൈക്കാട് അയ്യയുടെ യഥാർഥ പേര് സുബ്ബരായൻ എന്നായിരുന്നു. വെള്ളാള സമുദായത്തിലായിരുന്നു ജനനം. പിതാവ് മുത്തുകുമാരൻ. മാതാവ് രുക്മിണി അമ്മാൾ. തമിഴ്നാട്ടിലെ നകലപുരത്ത് 1814 ലാണ് സുബ്ബരായൻ ജനിച്ചത്. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് മലബാറിൽനിന്ന് തമിഴ്നാട്ടിലേക്ക് താമസം മാറ്റിയവരാണ് അദ്ദേഹത്തിന്റെ പൂർവികർ. സുബ്രമണ്യനായിരുന്നു അവരുടെ കുടുംബ ദേവത.



കുടുംബജീവിതം നയിച്ചിരുന്ന ഒരു യോഗിയായിരുന്നു തൈക്കാട് അയ്യ. അദ്ദേഹം പത്തൊൻപതാം നൂറ്റാണ്ടിൽ പന്തീഭോജനം ആരംഭിച്ചു. മഹാത്മാഗാന്ധി പന്തീഭോജനത്തെക്കുറിച്ച് ചിന്തിക്കുംമുമ്പാണിത്. ഏതൊരു യോഗിക്കും വിഗ്രഹ പ്രതിഷ്ഠ നടത്താനാവുമെന്ന അദ്ദേഹത്തിന്റെ വാദഗതിയാണ് അരുവിപ്പുറത്ത് ശിവ പ്രതിഷ്ഠ നടത്താൻ ശ്രീനാരായണഗുരുവിന് പ്രചോദനമായത്. ശ്രീനാരായണഗുരുവിന് മാത്രമല്ല, ചട്ടമ്പിസ്വാമികൾക്കും അയ്യങ്കാളിക്കും മാർഗദർശിയായിരുന്നു അയ്യ. ഇന്ത ഉലകിലേ ഒരേ ഒരു ജാതി താൻ, ഒരേ ഒരു മതം താൻ, ഒരേ ഒരു കടവുൾ താൻ എന്ന തൈക്കാട് അയ്യയുടെ വചനത്തിന്റെ മലയാള പരിഭാഷയായ ഒരു ജാതി ഒരു മതം ഒരു ദൈവം പ്രസിദ്ധമാക്കിയത് ശ്രീനാരായണഗുരുവാണ്.

പന്ത്രണ്ടാം വയസ്സിലാണ് സുബ്ബരായൻ ആത്മീയമാർഗം സ്വീകരിച്ചത്. പതിനാറാം വയസ്സിൽ അദ്ദേഹം ഗുരുക്കൻമാരൊടൊപ്പം ബർമ, സിംഗപ്പൂർ, പെനാംഗ്, ആഫ്രിക്ക എന്നിവിടങ്ങളിൽ പോയി. ഈ കാലയളവിൽ അദ്ദേഹം യോഗവിദ്യയിൽ അതീവ നൈപുണ്യം കൈവരിച്ചു. മൂന്നുവർഷത്തിനുശേഷം തിരികെയെത്തിയ അദ്ദേഹം യോഗ പരിശീലനം തുടർന്നു. ക്രമേണ അദ്ദേഹം അഷ്ടസിദ്ധി എന്ന വിദ്യയും സ്വായത്തമാക്കി. ഇരുപത്തിയേഴ് വയസ്സുള്ളപ്പോൾ ഗുരുവിന്റെ നിർദ്ദേശപ്രകാരം അദ്ദേഹം കൊടുങ്ങല്ലൂർ ദേവിക്ഷേത്രം സന്ദർശിച്ചു. അവിടെനിന്ന് തിരുവിതാംകൂർ സന്ദർശനത്തിനുപോയി. തിരുവനന്തപുരത്ത് തൈക്കാട് എന്ന സ്ഥലത്തുവച്ച് ദേവി പൂർണസ്വരൂപത്തിൽ അദ്ദേഹത്തിന് പ്രത്യക്ഷയായി. ശിഷ്ടകാലം അവിടെ കഴിയാൻ അദ്ദേഹം തീരുമാനിച്ചു.


അയ്യയുടെ ആത്മീയ പ്രഭാവത്തെക്കുറിച്ചറിഞ്ഞ് തിരുവിതാംകൂർ മഹാരാജാവ് സ്വാതി തിരുനാൾ കൊട്ടാരത്തിലേക്ക് അദ്ദേഹത്തെ ക്ഷണിക്കുകയും ശിഷ്യത്വം സ്വീകരിക്കുകയും ചെയ്തു. നാഗർകോവിലിലെ സ്വാമിതോപ്പിലുള്ള ശ്രീവൈകുണ്ഠപാദരെയും തൈക്കാട് അയ്യ സന്ദർശിച്ചു. തന്റെ പിതാവ് കാശിക്കുപോയപ്പോൾ അയ്യയ്ക്ക് കുടുംബത്തെ സംരക്ഷിക്കേണ്ട ചുമതല വന്നുചേർന്നു. ഗുരുവിന്റെ നിർദ്ദേശപ്രകാരം കൊല്ലം സ്വദേശിനിയായ കമലമ്മാളെ അദ്ദേഹം വിവാഹം കഴിച്ചു. അവർക്ക് മൂന്ന് ആൺമക്കളും രണ്ടു പെൺമക്കളും ജനിച്ചു. കുടുംബജീവിതത്തിൽ കഴിയുമ്പോഴും അയ്യ ആത്മീയ പ്രവർത്തനങ്ങൾ തുടർന്നു. അദ്ദേഹത്തിന്റെ ശിഷ്യരിൽ നാനാജാതി മതസ്ഥർ ഉണ്ടായിരുന്നു. ചെന്നൈയിലെ പട്ടാള ക്യാമ്പിലേക്ക് സാധനങ്ങൾ കൊടുക്കുന്ന ജോലി നിർവഹിച്ചിരുന്നു. ഇത് മെസ് സെക്രട്ടറി മക്ഗ്രിഗറുമായുള്ള പരിചയത്തിനിടയാക്കി. അദ്ദേഹം അയ്യയിൽനിന്ന് തമിഴും യോഗയും പഠിച്ചു.

ആയില്യം തിരുനാൾ രാജാവിന്റെ കാലത്ത് മക്ഗ്രിഗർ തിരുവിതാംകൂറിലേക്കുള്ള റഡിഡന്റായി നിയമിതനായി. മക്ഗ്രിഗർ അയ്യയെ തൈക്കാട് റസിഡൻസിയുടെ മാനേജരായി നിയമിച്ചു. 1873 മുതൽ 1909 ൽ സമാധിയാകുംവരെ അയ്യ ആ പദവിയിൽ തുടർന്നു. സഹപ്രവർത്തകർ അദ്ദേഹത്തെ ബഹുമാനപുരസ്സരം സൂപ്രണ്ട് അയ്യ എന്നു വിളിച്ചു. പേട്ടയിലെ ജ്ഞാനപ്രകാശിക സഭയിൽ അയ്യ യോഗ, വേദാന്തം തുടങ്ങിയ വിഷയങ്ങളിൽ പ്രഭാഷണങ്ങൾ നടത്തിയിരുന്നു. തിരുവനന്തപുരത്തെ സാമൂഹിക, ആത്മീയ മേഖലകളിലെ പ്രമുഖർ അദ്ദേഹവുമായി ബന്ധം പുലർത്തിയിരുന്നു. തിരുവിതാംകൂറിലെ ആദ്യത്തെ ബിരുദാനന്തര ബിരുദധാരിയായ മനോൻമണിയം സുന്ദരൻപിള്ളയുടെ സഹായത്തോടെ തിരുവനന്തപുരത്ത് ശൈവപ്രകാശിക സഭ സ്ഥാപിച്ചു. 1909 ൽ തൈക്കാട് അയ്യ സമാധിയായി. 1943-ലാണ് തൈക്കാട് അയ്യയുടെ സ്മരണാർഥം തിരുവനന്തപുരത്ത് തൈക്കാട് അയ്യാ സ്വാമി ക്ഷേത്രം സ്ഥാപിച്ചത്. ശിവനാണ് ഈ അമ്പലത്തിലെ പ്രതിഷ്ഠ.

## ആറാട്ടുപുഴ വേലായുധപ്പണിക്കർ (1825–1874)

കല്ലിശ്ശേരിയിൽ വേലായുധ ചേകവർ എന്ന് യഥാർഥനാമമുള്ള ആറാട്ടുപുഴ വേലായുധപ്പണിക്കർ ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി താലൂക്കിലെ ആറാട്ടുപുഴയിൽ 1825-ൽ ജനിച്ചു. കളരിപ്പയറ്റ്, ആയുർവേദം, ജ്യോതിഷം എന്നിവയിൽ നിപുണരായിരുന്നു അദ്ദേഹത്തിന്റെ പൂർവികർ.

ബാല്യത്തിൽത്തന്നെ അച്ഛനമ്മമാരെ നഷ്ടപ്പെട്ട വേലായുധപ്പണിക്കർക്ക് കളരിയുടെയും സംസ്കൃതത്തിന്റെയും പാഠങ്ങൾ പകർന്നുകൊടുത്തത് മുത്തച്ഛനായിരുന്നു. താഴ്ന്ന ജാതിക്കാരെ ക്ഷേത്രത്തിൽ പ്രവേശിക്കാൻ അനുവദിക്കാതിരുന്ന അക്കാലത്ത് മംഗലത്ത് എന്ന സ്ഥലത്ത് പണിക്കരുടെ നേതൃത്വത്തിൽ ഒരു ക്ഷേത്രം നിർമിക്കുകയും അവിടെ ശിവപ്രതിഷ്ഠ നടത്തുകയും ചെയ്തു (1852). 1853-ൽ തണ്ണീർമുക്കം ചെറുവാരണം കരയിൽ രണ്ടാമത്തെ അവർണ ശിവക്ഷേത്രം സ്ഥാപിക്കപ്പെട്ടു. സവർണർ ഇതിനെതിരെ ശക്തമായി പ്രതിഷേധിച്ചു. ക്ഷേത്രാചാരവിധികൾ പഠിക്കാനായി അദ്ദേഹം ഗോവയിൽ പോയിരുന്നു.



അച്ചിപ്പുടവ സമരത്തിന് നേതൃത്വം നൽകിയത് വേലായുധപ്പണിക്കരാണ്. അക്കാലത്ത് സവർണർക്കുമാത്രമേ മനോഹരമായ വസ്ത്രങ്ങൾ ധരിക്കാൻ അവകാശമുണ്ടായിരുന്നുള്ളൂ. സവർണസ്ത്രീകൾ ധരിക്കുന്ന കണങ്കാൽവരെ എത്തുന്ന ഇരട്ടത്തുണി അറിയപ്പെട്ടിരുന്നത് അച്ചിപ്പുടവ എന്നാണ്. കായംകുളത്തിനടുത്ത് പന്നിയൂരിൽ അച്ചിപ്പുടവ ഉടുത്തുനടന്ന ഒരു ഈഴവയുവതിയുടെ പുടവ സവർണർ വലിച്ചുകീറിക്കളഞ്ഞു. ഇതറിഞ്ഞ പണിക്കർ ഏതാനും ഈഴവയുവതികളെ അച്ചിപ്പുടവ ഉടുപ്പിച്ച് പന്നിയൂരിൽ പരേഡ് ചെയ്യിച്ചു. തുടർന്ന് എല്ലാ സ്ത്രീകൾക്കും മാന്യമായ വസ്ത്രം ധരിക്കുന്നതിനുള്ള അവകാശത്തിനായി പണിക്കർ ആറാട്ടുപുഴയിലും പരിസരത്തും പണിമുടക്ക് നടത്തി. കൃഷിയടക്കമുള്ള ജോലികളിൽനിന്ന് ഈഴവരടക്കമുള്ള പിന്നാക്കജാതിക്കാർ മാറിനിന്നു. കാര്യങ്ങൾ പന്തിയല്ലെന്നുകണ്ട സവർണർ ഒത്തുതീർപ്പിനു തയ്യാറാവുകയും ആ പ്രദേശങ്ങളിലെ സ്ത്രീകൾക്ക് അച്ചിപ്പുടവ ഉടുക്കാൻ അവസരം ലഭിക്കുകയും ചെയ്തു.

വേലായുധപ്പണിക്കർക്ക് കഥകളി വളരെ ഇഷ്ടമായിരുന്നു. അക്കാലത്ത് അവർണരെ കഥകളി കാണുന്നതിനോ പരിശീലിക്കുന്നതിനോ അനുവദിച്ചിരുന്നില്ല. ക്ഷേത്രകലയായ കഥകളിയെ താൻ സ്ഥാപിച്ച മംഗലം ക്ഷേത്രത്തിന്റെ ആഭിമുഖ്യത്തിൽ പരിശീലിപ്പിക്കാൻ പണിക്കർ തീരുമാനിച്ചു. കഥകളി വിദഗ്ധനും തന്റെ കൂട്ടുകാരനുമായ അമ്പലപ്പുഴ മാധവക്കുറുപ്പിന്റെ സഹായത്തോടെ ഈഴവയുവാക്കളെ പരിശീലിപ്പിച്ച് അരങ്ങേറ്റം നടത്തി. ഇത് സവർണമേൽക്കോയ്മയ്ക്കേറ്റ കനത്ത അടിയായി. അവർ ദിവാന് പരാതി നൽകി. പണിക്കരുടെ വാദങ്ങൾ അംഗീകരിക്കപ്പെടുകയും അവർക്കും കഥകളി അവതരിപ്പിക്കാൻ അനുമതി ലഭിക്കുകയും ചെയ്തു. അവർണ സ്ത്രീകൾക്ക് അക്കാലത്ത് സ്വർണാഭരണങ്ങളണിയാൻ അവകാശമുണ്ടായിരുന്നില്ല. പന്തളത്ത് ഒരു അവർണയുവതി പൊന്നിൻ മൂക്കുത്തി ധരിച്ച് ചന്തയിൽ എത്തി. ഇതുകണ്ട സവർണപ്രമാണിമാർ മൂക്കുത്തി വലിച്ചുപറിച്ചുകളഞ്ഞു. ഇതറിഞ്ഞ വേലായുധപ്പണിക്കർ അടുത്തദിവസം സ്വർണമൂക്കുത്തികളുമായി പന്തളം ചന്തയിലെത്തി അവർണയുവതികളെ വിളിച്ചുകൂട്ടി മൂക്കുത്തി ധരിക്കാൻ ആവശ്യപ്പെട്ടു. അവർ മൂക്കിൽ ധരിച്ചിരുന്ന ഈർക്കിലും പിച്ചളക്കമ്പികളും മാറ്റി പൊൻമൂക്കുത്തി ധരിച്ചു. അവ പറിച്ചെടുത്തു കളയാൻ ആർക്കെങ്കിലും ധൈര്യമുണ്ടോ എന്ന് പണിക്കർ വെല്ലുവിളിച്ചു. ആരും മുന്നോട്ടുവന്നില്ല.


ആറാട്ടുപുഴയിൽ ഒരു സ്കൂളും വായനശാലയും അദ്ദേഹം സ്ഥാപിച്ചു. ഇപ്രകാരം ജാതിവ്യവസ്ഥയ്ക്കെതിരെ പോരാടിയ വേലായുധപ്പണിക്കർ 1874-ൽ 49-മത്തെ വയസ്സിൽ ഒരു ബോട്ടുയാത്രയ്ക്കിടെ ഇരുട്ടിന്റെ മറവിൽ വധിക്കപ്പെട്ടു.

## ബ്രഹ്മാനന്ദ ശിവയോഗി (1852–1929)

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് എന്ന സ്ഥലത്ത് രാവുണ്യാരത്ത് കുഞ്ഞികൃഷ്ണമേനോന്റെയും കാരാട്ട് നാണിയമ്മയുടെയും മകനായി 1852 ഓഗസ്ത് 26-ന് ജനിച്ച ബ്രഹ്മാനന്ദ ശിവയോഗിയുടെ പൂർവാശ്രമത്തിലെ പേര് കാരാട്ട് ഗോവിന്ദമേനോൻ എന്നായിരുന്നു. യൗവനാരംഭത്തിൽ ഗോവിന്ദൻകുട്ടി എന്നും വിളിക്കപ്പെട്ടു. അച്ഛനമ്മമാരുടെ പ്രേരണമൂലം ഗോവിന്ദൻകുട്ടിക്ക് താവുക്കുട്ടിയമ്മ എന്ന പതിനേഴുകാരിയെ വിവാഹം കഴിക്കേണ്ടിവന്നു. പിൽക്കാലത്ത് അവർ ആരാധകരുടെ യോഗിനി മാതാവായി അറിയപ്പെട്ടു.

ദൈവസങ്കൽപത്തെയും ജാതിമതഭേദങ്ങളെയും അനാചാരങ്ങളെയും തള്ളിക്കളഞ്ഞ സന്ന്യാസിവര്യനായിരുന്നു ശിവയോഗി. ബ്രഹ്മാനന്ദ ശിവയോഗിയുടെ ആദ്യ പുസ്തകമായ സിദ്ധാനുഭൂതിയിൽ ക്ഷേത്രാചാരങ്ങളോട് അനുബന്ധിച്ചുള്ള വ്രതം, പൂജ എന്നിവയൊക്കെ നിരർഥകമാണെന്ന് പ്രതിപാദിക്കുന്നു. പാലക്കാട്ടെ ആലത്തൂരിൽ 1907-ൽ അദ്ദേഹം സിദ്ധാശ്രമം സ്ഥാപിച്ചു. നിരീശ്വരവാദിയായ അദ്ദേഹം വിഗ്രഹാരാധനയെ എതിർത്തു. തന്റെ ആശയങ്ങളുടെ പ്രചരണാർഥം അദ്ദേഹം ആനന്ദമതം സ്ഥാപിച്ചു (1907). വേദോപനിഷത്തുകളെയും ഭഗവത്ഗീത തുടങ്ങിയ മതഗ്രന്ഥങ്ങളെയും അപഗ്രഥിച്ച് ആനന്ദലബ്ധിക്കുതകുന്നവയെ സ്വീകരിച്ച് ക്രോഡീകരിച്ചതാണ് ആനന്ദമതം. സർവമതസ്ഥർക്കും അതിൽ പ്രവർത്തിക്കാമായിരുന്നു. നിർമമനായ ഈശ്വരനെക്കൊണ്ട് ലൗകിക ജീവിതത്തിൽ പ്രയോജനമില്ല എന്ന് ആനന്ദമതം സിദ്ധാന്തിച്ചു.

മദ്യനിരോധനവും സ്ത്രീ വിദ്യാഭ്യാസവും അദ്ദേഹം പ്രോൽസാഹിപ്പിച്ചു. വിഗ്രഹാരാധനയെ എതിർത്തു. തന്റെ പരിഷ്കൃതാശയങ്ങൾ വിശദമാക്കിക്കൊണ്ട് അദ്ദേഹം രചിച്ച കൃതികളാണ് മോക്ഷപ്രദീപവും ആനന്ദസൂത്രവും. 1929 സെപ്തംബർ പത്തിന് ശിവയോഗി സമാധിയായി. മനസ്സാണ് ദൈവം എന്നു പ്രസ്താവിച്ച സാമൂഹിക പരിഷ്കർത്താവാണ് ബ്രഹ്മാനന്ദശിവയോഗി. മനുഷ്യന്റെ നന്മയിലാണ് യഥാർഥ സന്തോഷമെന്ന് അദ്ദേഹം ഉദ്ഘോഷിച്ചു.



ബ്രഹ്മാനന്ദശിവയോഗി സ്ഥാപിച്ച പ്രസ്ഥാനമാണ് ആനന്ദമഹാസഭ (1918). ഹിന്ദുമതത്തിലെ അനാവശ്യമായ ആചാരങ്ങൾ ഒഴിവാക്കുക, ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിൽ ജനങ്ങളെ വേർതിരിക്കാതിരിക്കുക, മാംസാഹാരം ഒഴിവാക്കുക, ഹിംസാത്മകമായ മതകർമങ്ങൾ ഒഴിവാക്കുക എന്നിവയായിരുന്നു ആനന്ദമതപ്രസ്ഥാനത്തിന്റെ ആശയാദർശങ്ങൾ. ആനന്ദ മഹാസഭയുടെ ആദ്യ പ്രസിഡന്റ് ബ്രഹ്മാനന്ദ ശിവയോഗിയും സെക്രട്ടറി രാമപ്പണിക്കരുമായിരുന്നു.

ആശയപ്രചാരത്തിന് അദ്ദേഹമാരംഭിച്ച പ്രസിദ്ധീകരണമാണ് സാരഗ്രാഹി. ശിവയോഗരഹസ്യം, സ്ത്രീവിദ്യപോഷിണി, ആനന്ദഗണം, ആനന്ദദർശനം, ആനന്ദവിമാനം തുടങ്ങിയവ ശിവയോഗിയുടെ പ്രധാന കൃതികളാണ്. ശിവയോഗിയുടെ മോക്ഷപ്രദീപം എന്ന ഗ്രന്ഥം അഭ്യസ്തവിദ്യരായ ചിലരിൽ ചെലുത്തിയ ശക്തമായ സ്വാധീനത്തിന്റെ ഫലമായി തിരുവനന്തപുരത്തെ ആറ്റുകാൽ ക്ഷേത്രത്തിൽ പതിവായി നടന്നുവന്നിരുന്ന ആടുവെട്ടും കോഴിവെട്ടും നിറുത്തുവാൻ കഴിഞ്ഞതിനെക്കുറിച്ച് ശിവയോഗിക്ക് എഴുതിയ മഹാകവിയാണ് കെ.സി.കേശവപിള്ള. •




# ചരിത്രത്തോടൊപ്പം നടന്നവർ

## ലോക ചരിത്ര വീഥിയിൽ ഇടം പിടിച്ച ചില മഹത് വ്യക്തികളെ പരിചയപ്പെടാം

### ചട്ടമ്പി സ്വാമികൾ (1853–1924)

പഴയ തിരുവിതാംകൂറിൽ തിരുവനന്തപുരം ജില്ലയിൽ കണ്ണമ്മൂലയ്ക്കടുത്ത് കൊല്ലൂരിൽ 1853 ആഗസ്ത് 25ന് (കൊല്ലവർഷം 1029 ചിങ്ങമാസത്തിലെ ഭരണി നക്ഷത്രം) ചട്ടമ്പി സ്വാമികൾ ജനിച്ചു. പിതാവ് മാവേലിക്കര സ്വദേശി വാസുദേവശർമ്മ (താമരശ്ശേരിൽ അനന്തശർമൻ എന്ന പേരും ഉണ്ട്). മാതാവ് കൊല്ലൂർ സ്വദേശിനി നങ്ങ (നങ്ങാദേവി). ഈ ദമ്പതികളുടെ ആദ്യ സന്താനമായിരുന്നു ചട്ടമ്പി സ്വാമികൾ. ചട്ടമ്പി സ്വാമികളുടെ ബാല്യകാല നാമം അയ്യപ്പൻ എന്നായിരുന്നു. കുഞ്ഞൻ എന്നായിരുന്നു ഓമനപ്പേര്. പിൽക്കാലത്ത് കുഞ്ഞൻപിള്ള എന്നും അറിയപ്പെട്ടു.

പേട്ടയിൽ രാമൻപിള്ള ആശാന്റെ പാഠശാലയിൽ വിദ്യാർഥിയായിരിക്കെ ക്ളാസിലെ ചട്ടമ്പി അഥവാ മോണിട്ടർ ആയി നിയോഗിക്കപ്പെട്ടു. ഇത് പിൽക്കാലത്ത് ചട്ടമ്പി സ്വാമികൾ എന്ന പേരിന് കാരണമായി. സ്വപ്രയത്നംമൂലം മലയാളം, തമിഴ്, സംസ്കൃതം എന്നീ മൂന്ന് ഭാഷകളിലും അദ്ദേഹം പാണ്ഡിത്യം നേടി. കുറച്ചുകാലം കുഞ്ഞൻപിള്ള ഹജൂർക്കച്ചേരിയിൽ കണക്കപ്പിള്ളയായി സേവനമനുഷ്ഠിച്ചു. ഇരുപത്തിനാലാം വയസ്സിൽ ചട്ടമ്പിസ്വാ



മികൾ ദേശാടനത്തിനിറങ്ങി. ദക്ഷിണേന്ത്യ മുഴുവൻ ചുറ്റിസഞ്ചരിച്ചു. ഹൈന്ദവ ദർശനങ്ങളിലും അതോടൊപ്പം ക്രിസ്തുമതം, ഇസ്ലാം എന്നീ മതങ്ങളിലെ തത്ത്വസംഹിതകളിലും അദ്ദേഹം പാണ്ഡിത്യം നേടി. വിജ്ഞാനത്തിന്റെ ഖനിയായിരുന്ന ചട്ടമ്പിസ്വാമികളെ ജനം വിദ്യാധിരാജൻ എന്നു വിളിച്ചു. അദ്ദേഹം സ്വീകരിച്ച സന്ന്യാസനാമമാണ് ഷൺമുഖദാസൻ. ചട്ടമ്പി സ്വാമികൾക്ക് സംസ്കൃതത്തിലും വേദോപനിഷത്തുകളിലും യോഗവിദ്യയിലും അറിവു പകർന്ന വേദാന്ത പണ്ഡിതനാണ് സുബ്ബജടാപാഠികൾ.

ബ്രാഹ്മണമേധാവിത്വം, പ്രാകൃതമായ ചടങ്ങുകൾ, അനാചാരങ്ങൾ എന്നിവയ്ക്കെതിരെ ചട്ടമ്പി സ്വാമികൾ പ്രതികരിച്ചു. ജാതി സമ്പ്രദായത്തെ ശക്തമായി എതിർത്ത അദ്ദേഹം അദ്വൈത ദർശനം പ്രചരിപ്പിക്കുകയും ചെയ്തു. ചട്ടമ്പിസ്വാമികൾക്ക് ആത്മീയോന്നതി കൈവന്നത് വടിവീശ്വരം എന്ന സ്ഥലത്തുവച്ചാണ്. തമിഴ്നാട്ടിലാണ് വടിവീശ്വരം. അണിയൂർ ക്ഷേത്രത്തിൽവച്ച് (1883) ചട്ടമ്പി സ്വാമികൾ മറ്റൊരവധൂതനായ, പിൽക്കാലത്ത് ശ്രീ നാരായണ ഗുരു എന്നറിയപ്പെട്ട, നാണു ആശാനെ കണ്ടുമുട്ടി.

കേരളഗാനത്തിന്റെ കർത്താവ് ബോധേശ്വരൻ ( പ്രശസ്ത കവയിത്രി സുഗതകുമാരിയുടെ അച്ഛൻ, യഥാർഥപേര് കേശവപിള്ള) , കോൺഗ്രസ് നേതാവ് കുമ്പളത്ത് ശങ്കുപ്പിള്ള , പെരുനെല്ലി കൃഷ്ണൻ വൈദ്യൻ എന്നിവർ ചട്ടമ്പി സ്വാമികളുടെ ഗൃഹസ്ഥാശ്രമികളായ ശിഷ്യരായിരുന്നു. ചട്ടമ്പിസ്വാമികളുടെ ശിഷ്യരിൽ പ്രധാനിയാണ് നീലകണ്ഠതീർഥപാദർ. 1924 ആഗസ്ത് അഞ്ചിന് കൊല്ലം ജില്ലയിലെ പന്മനയിൽ ചട്ടമ്പി സ്വാമികൾ സമാധിയായി.

ചട്ടമ്പിസ്വാമികളുടെ സമാധി സ്ഥാനത്ത് ശിഷ്യർ പണികഴിപ്പിച്ചതാണ് ബാലഭട്ടാരകക്ഷേത്രം. കേരളം പരശുരാമൻ ബ്രാഹ്മണർക്ക് ദാനമായി നൽകിയ ഭൂമിയാണെന്ന വാദത്തെ ഖണ്ഡിക്കുന്ന ചട്ടമ്പിസ്വാമികളുടെ പുസ്തകമാണ് പ്രാചീന മലയാളം. വേദങ്ങൾ ബ്രാഹ്മണരുടെ മാത്രം കുത്തകയല്ല എന്ന് വാദിക്കുന്ന രചനയാണ് വേദാധികാര നിരൂപണം. ജാതിഭേദങ്ങൾക്കതീതമായി എല്ലാ ഹിന്ദുക്കൾക്കും വേദങ്ങൾ ഹൃദ്യസ്ഥമാക്കാം എന്നദ്ദേഹം സമർഥിക്കുന്നു. ബ്രഹ്മാനന്ദശിവയോഗിയുടെ മോക്ഷപ്രദീപത്തിനുള്ള മറുപടിയാണ് മോക്ഷപ്രദീപ ഖണ്ഡനം. സർവമതസാരസ്യം, തർക്ക രഹസ്യരത്നം, ബ്രഹ്മതത്ത്വനിർഭാസം, സ്തവരത്നഹാരാവലി, പരമശിവസ്തവം, അദ്വൈതപഞ്ജരം, ജീവകാരുണ്യം, ഭാഷയുടെ ഉദ്ഭവം എന്നീ കൃതികളും ചട്ടമ്പിസ്വാമികളാണ് രചിച്ചത്. കാഷായവും കമണ്ഡലുവുമില്ലാത്ത സന്യാസി എന്നറിയപ്പെട്ടത് ചട്ടമ്പിസ്വാമികളാണ്. ചട്ടമ്പിസ്വാമികളുടെ ആശയങ്ങളും വീക്ഷണങ്ങളും ജാതിമത ചിന്തകൾക്ക് അതീതമായിരുന്നെങ്കിലും അദ്ദേഹത്തിന്റെ സ്വാധീനം ഏറ്റവും കൂടുതൽ പ്രകടമായത് നായർ സമുദായത്തിലാണ്.

ചട്ടമ്പി സ്വാമികളുടെ ആശയങ്ങൾ നായർ സർവീസ് സൊസൈറ്റിക്ക് നിത്യപ്രചോദനം ആയിരുന്നു. ജാതി വ്യവസ്ഥയുടെ കെടുതികൾ ഇല്ലാതാക്കുന്നതിന് പരിഹാരം ക്ഷേത്രങ്ങൾ സ്ഥാപിക്കൽ അല്ല എന്നും ക്ഷേത്രങ്ങളിൽനിന്ന് ജാതിഭൂതങ്ങളെ അടിച്ചുപുറത്താക്കുകയാണ് വേണ്ടതെന്നും അഭിപ്രായപ്പെട്ടത് ചട്ടമ്പി സ്വാമികളാണ്. 'ചട്ടമ്പിസ്വാമികൾ; ജീവിതവും കൃതികളും' എന്ന പുസ്തകം രചിച്ചത് ഡോ.കെ.മഹേശ്വരൻ നായരാണ്. ചട്ടമ്പിസ്വാമികളുടെ ജന്മദിനമാണ് ജീവകാരുണ്യദിനമായി ആചരിക്കാൻ കേരള സർക്കാർ തീരുമാനിച്ചത്.

### ശ്രീനാരായണഗുരു (1856–1928)

കേരള നവോത്ഥാനത്തിന്റെ പിതാവ് എന്നതാണ് ശ്രീനാരായണഗുരുവിന്റെ ഏറ്റവും നല്ല വിശേഷണം. മുൻ തിരുവിതാംകൂറിൽ ഇപ്പോഴത്തെ തിരുവനന്തപുരം ജില്ലയിലെ ചെമ്പഴന്തി ഗ്രാമത്തിൽ വയൽവാരം വീട്ടിലാണ് 1856 ആഗസ്ത് 20ന് ശ്രീനാരായണഗുരു ജനിച്ചത്. പിതാവ് മാടനാശാൻ. മാതാവ് കുട്ടിയമ്മ. യഥാർഥ പേര് നാരായണൻ. ഓമനപ്പേരായിരുന്നു നാണു. ഔപചാരിക വിദ്യാഭ്യാസത്തിന് തൊട്ടടുത്ത സ്കൂളിൽ ചേർന്നു. സ്കൂളിലെ പഠനത്തിനു പുറമേ അച്ഛനും അമ്മാവനും തമിഴ്, സംസ്കൃതം, മറ്റു പരമ്പരാഗത വിഷയങ്ങളിൽ അറിവു പകർന്നു. ഉപരിപഠനത്തിനായി കുമ്മമ്പള്ളി രാമൻപിള്ള ആശാന്റെ കീഴിൽ ചേർന്നു. പഠനം പൂർത്തിയാക്കിയശേഷം വീടിനു സമീപത്തുള്ള വിദ്യാലയത്തിൽ അധ്യാപകനായി.

ചട്ടമ്പി സ്വാമികളെ അണിയൂർ ക്ഷേത്രത്തിൽവച്ച് കണ്ടുമുട്ടി. ചട്ടമ്പി സ്വാമികൾ നാണുവാശാനെ തന്റെ ഗുരുവായ തൈക്കാട് അയ്യയുടെ സമീപത്തേക്ക് കൂട്ടിക്കൊണ്ടുപോയി. തൈക്കാട് അയ്യയിൽനിന്നാണ് യോഗയുടെ പാഠങ്ങൾ അഭ്യസിച്ചത്. തുടർന്ന് മരുത്വാമലയിലേക്ക് പോയി (ഇപ്പോൾ തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിൽ). അവിടെ പിള്ളത്തടം ഗുഹയിൽ താമസിച്ച് വർഷങ്ങൾ നീണ്ട ഏകാന്തജീവിതവും ധ്യാനവും നടത്തി. അവർണർക്ക് ആരാധന നടത്തുന്നതിന് 1888-ൽ നെയ്യാറിന്റെ തീരത്തുള്ള അരുവിപ്പുറത്ത് ശ്രീനാരായണഗുരു പ്രതിഷ്ഠ നടത്തി. അരുവിപ്പുറത്തുള്ള കൊടിതൂക്കിമലയിലുള്ള ഗുഹയിലും ഗുരു തപസ്സനുഷ്ഠിച്ചിട്ടുണ്ട്. ബ്രാഹ്മണർ ചെയ്തിരുന്ന പ്രതിഷ്ഠാകർമം ഒരു ഈഴവസമുദായാംഗം ചെയ്തതിനെ യാഥാസ്ഥിതികർ ചോദ്യം ചെയ്തു. 'നാം പ്രതിഷ്ഠിച്ചത് നമ്മുടെ ശിവനെയാണ്' എന്നായിരുന്നു നാരായണഗുരുവിൻെറ മറുപടി. 'അരുവിപ്പുറം വിപ്ലവ'മെന്നും ഈ സംഭവം വിശേഷിപ്പിക്കപ്പെട്ടു. ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവരും സോദരത്വേന വാഴുന്ന മാതൃകാ സ്ഥാനമാണ് അരുവിപ്പുറത്ത് ഗുരു വിഭാവനം ചെയ്തത്. ആദ്യത്തെ ക്ഷേത്രത്തിലെ പ്രതിഷ്ഠയ്ക്ക് ഗുരു ഉപയോഗിച്ചത് നെയ്യാറിൽനിന്ന് സ്വയം മുങ്ങിയെടുത്ത ഒരു കരിങ്കല്ലായിരുന്നു. ശങ്കരൻകുഴി എന്നു നാട്ടുകാർ വിളിക്കുന്ന ഒരു കയത്തിൽനിന്നാണ് ഗുരു കല്ല് മുങ്ങിയെടുത്തത്.

കേരളത്തിലുടനീളം ശ്രീനാരായണഗുരുവിന്റെ നേതൃത്വത്തിൽ ക്ഷേത്രപ്രതിഷ്ഠകൾ നടത്തി. പ്രതിഷ്ഠ കഴിഞ്ഞ് അവിടെ വിദ്യാലയമുണ്ടാവണമെന്ന് ഗുരു അനുയായികളോട് പറഞ്ഞു. കാലക്രമേണ അത് ഫലിക്കുകയും ചെയ്തു. 1920-ൽ തൃശ്ശൂർ കാഞ്ഞാണിയ്ക്കടുത്ത് കാരമുക്കിൽ ചിദംബരനാഥവിഗ്രഹം പ്രതിഷ്ഠിക്കാനാണ് ഗുരു ഉദ്ദേശിച്ചത്. എന്നാൽ, ദീപമാണ് പ്രതിഷ്ഠിച്ചത്. തിരുവനന്തപുരം ജില്ലയിലെ മുരുക്കുംപുഴയിലെ ക്ഷേത്രത്തിൽ ഓം എന്നു രേഖപ്പെടുത്തിയ തിളക്കമുള്ള തകിടാണ് സ്ഥാപിച്ചത്. ചുറ്റും സത്യം, ധർമം, ദയ, ശാന്തി എന്നും എഴുതിയിട്ടുണ്ട്. ബില്ലവർക്കുവേണ്ടി മംഗലാപുരത്ത് ഗുരു സ്ഥാപിച്ച ക്ഷേത്രമാണ് തിരുപ്പതീശ്വരക്ഷേത്രം. കോഴിക്കോട്ട് ശ്രീനാരായണഗുരു ആരംഭിച്ച ശ്രീകണ്ഠേശ്വര ക്ഷേത്രത്തിന് തറക്കല്ലിട്ടത് ആനി ബസന്റാണ്. ഒടുവിൽ കണ്ണാടിയാണ് പ്രതിഷ്ഠയ്ക്കായി ഉപയോഗിച്ചത്. അഹം



ബ്രഹ്മാസ്മി അഥവാ ഞാൻ തന്നെയാണ് ദൈവം എന്ന ആശയമാണ് അദ്ദേഹം ഇതിലൂടെ മുന്നോട്ടുവച്ചത്. ആദ്യത്തെ കണ്ണാടി പ്രതിഷ്ഠ നടത്തിയത് കളവങ്കോട് എന്ന സ്ഥലത്താണ് (1927 ജൂൺ 4). വൈക്കം താലൂക്കിലെ ഉല്ലല എന്ന സ്ഥലത്താണ് രണ്ടാമത്തെ കണ്ണാടി പ്രതിഷ്ഠ നടത്തിയത്.

ഒട്ടാകെ 20 ശിവക്ഷേത്രങ്ങളും 4 ദേവീക്ഷേത്രങ്ങളും 6 സുബ്രഹ്മണ്യക്ഷേത്രങ്ങളും വിഗ്രഹങ്ങളില്ലാത്ത രണ്ട് ക്ഷേത്രങ്ങളും ഗുരു സ്ഥാപിച്ചു. ഗുരു സ്ഥാപിച്ച അരുവിപ്പുറം ക്ഷേത്രയോഗമാണ് പിൽക്കാലത്ത് ശ്രീനാരായണ ധർമപരിപാലന യോഗം സ്ഥാപിക്കാൻ പ്രേരണയായത്. വിദ്യാഭ്യാസത്തിലൂടെ മാന്യമായി ജോലി സമ്പാദിക്കാനും വ്യവസായങ്ങൾ ആരംഭിച്ച് സാമ്പത്തികമായി ഉന്നമനം നേടാനും അതുവഴി വിദ്യാഭ്യാസപരവും സാമ്പത്തികവുമായ രംഗങ്ങളിൽ മുന്നേറാനും സ്വസമുദായാംഗങ്ങളോട് സ്വാമികൾ ആഹ്വാനം ചെയ്തു.

1891-ൽ കുമാരനാശാൻ ആദ്യമായി ശ്രീനാരായണഗുരുവിനെ കണ്ടു. 1903 മെയ് 15നാണ് ശ്രീനാരായണ ധർമ പരിപാലന യോഗം രജിസ്റ്റർ ചെയ്തത്. ശ്രീനാരായണ ഗുരു ആജീവനാന്ത അധ്യക്ഷൻ. സെക്രട്ടറി കുമാരനാശാൻ. യോഗ രൂപീകരണത്തിന് നിർണായക പങ്കുവഹിച്ചത് ഡോ.പൽപുവാണ്. എസ്എൻഡിപി യോഗത്തിന്റെ പ്രഥമ വാർഷിക സമ്മേളനം നടന്നത് അരുവിപ്പുറത്താണ്. എസ്എൻഡിപി യോഗത്തിന്റെ ആസ്ഥാനം കൊല്ലത്താണ്. •



# കേരള നവോത്ഥാനം

# കേരളത്തിലെ വിവേകാനന്ദൻ

1. ശൈവ പ്രകാശിക സഭ സ്ഥാപിക്കുന്നതിന് തൈക്കാട് അയ്യയ്ക്ക് സഹായം നൽകിയത്:
(എ) അയ്യാ വൈകുണ്ഠർ (ബി) ചട്ടമ്പി സ്വാമികൾ
(സി) സുന്ദരം പിള്ള (ഡി) മക് ഗ്രിഗർ

2. ആറാട്ടുപുഴ വേലായുധപ്പണിക്കരുടെ മൂക്കുത്തി സമരത്തിന് വേദിയായത് :
(എ) പന്തളം (ബി) കൊല്ലം
(സി) ആലപ്പുഴ (ഡി) പതിയൂർ

3. മലയാളലിപിയിൽ പുസ്തകമിറക്കിയ ആദ്യ മുസ്ലിം എഴുത്തുകാരൻ:
(എ) മക്തി തങ്ങൾ (ബി) ശെയ്ഖ് സൈനുദ്ദീൻ
(സി) മമ്പുറം തങ്ങൾ (ഡി) മോയിൻകുട്ടി വൈദ്യർ

4. 1904-ൽ എസ് എൻ ഡി പിയുടെ ആദ്യ വാർഷിക യോഗം നടന്നത് എവിടെ: (102/2018)
(എ) ചെമ്പഴന്തി (ബി) വർക്കല
(സി) അരുവിപ്പുറം (ഡി) അമ്പലപ്പുഴ

5. സ്വദേശാഭിമാനി പത്രം 1905 ജനുവരി 11-ന് ആരംഭിച്ചതാര്:(102/2018)
(എ) വക്കം മൗലവി (ബി) പി.രാജഗോപാലാചാരി
(സി) എ.കെ.ഗോപാലൻ (ഡി) സി.എഫ്.ആൻഡ്രൂസ്

6. സഭ എന്ന് സംഘടനകളുടെ പേരിൽ ചേർത്ത് വിവിധ സ്ഥലങ്ങളിൽ കൂട്ടായ്മകൾ സ്ഥാപിച്ച സാമൂഹിക പരിഷ്കർത്താവ്:
(എ) വാഗ്ഭടാനന്ദൻ (ബി) ആഗമാനന്ദൻ
(സി) പണ്ഡിറ്റ് കറുപ്പൻ (ഡി) വി.ടി.ഭട്ടതിരിപ്പാട്

7. ശ്രീനാരായണഗുരു രണ്ടാമത്തെ കണ്ണാടി പ്രതിഷ്ഠ നടത്തിയത് എവിടെയാണ്:
(എ) കളവങ്കോട് (ബി) മംഗലാപുരം
(സി) ഉല്ലല (ഡി) അരുവിപ്പുറം

8. നാനാജാതി മതസ്ഥർക്ക് ഒരുമിച്ച് താമസിക്കുന്നതിനായി 1935-ൽ കൊടുമുണ്ട കോളനി സ്ഥാപിച്ച സാമൂഹിക പരിഷ്കർത്താവ്:
(എ) എ.കെ.ഗോപാലൻ (ബി) കെ.കേളപ്പൻ
(സി) വി.ടി.ഭട്ടതിരിപ്പാട് (ഡി) ഇഎംഎസ്

9. ഇരുപത്തിമൂന്നാമത്തെ വയസ്സിൽ കാൽനടയായി സബർമതിയിലെത്തി ഗാന്ധിജിയെ സന്ദർശിച്ച കേരളത്തിലെ സാമൂഹിക പരിഷ്കർത്താവ്:
(എ) വി.ടി.ഭട്ടതിരിപ്പാട് (ബി) കെ.കേളപ്പൻ
(സി) ആനന്ദതീർഥൻ (ഡി) എ.കെ.ഗോപാലൻ

10. കേരളത്തിലെ ആധുനിക പ്രസംഗ സമ്പ്രദായത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത്:
(എ) സഹോദരൻ അയ്യപ്പൻ (ബി) ചട്ടമ്പി സ്വാമികൾ
(സി) വാഗ്ഭടാനന്ദൻ (ഡി) ശ്രീനാരായണഗുരു

11. ഏത് പ്രസിദ്ധീകരണത്തിലാണ് ശ്രീനാരായണഗുരു 1916-ൽ നമുക്ക് ജാതിയില്ല എന്ന വിളംബരം പ്രസിദ്ധപ്പെടുത്തിയത്:
(എ) പ്രബുദ്ധകേരളം (ബി) അഭിനവകേരളം
(സി) വിവേകോദയം (ഡി) മിതവാദി

12. ശ്രീനാരായണഗുരുവിനെ മൂന്നാംകിട ദൈവം എന്നതിലുപരി ഒരു ഒന്നാംകിട മനുഷ്യനായി കാണണം-എന്നു പറഞ്ഞത്:
(എ) മൂർക്കോത്ത് കുമാരൻ(ബി) കുമാരനാശാൻ
(സി) അയ്യങ്കാളി (ഡി) ഡോ.പൽപ്പു

13. താഴെക്കൊടുത്തിരിക്കുന്നവരിൽ ദീനബന്ധു പത്രത്തിന്റെ സ്ഥാപകൻ ആര്: (082/2018)
(എ) വി.ആർ.കൃഷ്ണനെഴുത്തച്ഛൻ
(ബി) വി.ആർ.കൃഷ്ണയ്യർ (സി) കെ.രാമകൃഷ്ണപിള്ള
(ഡി) വക്കം അബ്ദുൾ ഖാദർ മൗലവി

14. മലബാർ കുടിയായ്മ നിയമം നിലവിൽവന്ന വർഷം: (082/2018)
(എ) 1929 (ബി) 1914
(സി) 1865 (ഡി) 1896

15. കേരളത്തിൽ ബ്രഹ്മസമാജത്തിന്റെ ആദ്യ ശാഖ സ്ഥാപിച്ചത് എവിടെ: (063/2018)
(എ) കൊച്ചി (ബി) പാലക്കാട്
(സി) കണ്ണൂർ (ഡി) കോഴിക്കോട്

16. കേരളത്തിലെ മുസ്ലിം സമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടി വക്കം അബ്ദുൾ ഖാദർ മൗലവി സ്ഥാപിച്ച സംഘടന: (077/2018)
(എ) മുസ്ലിം എഡ്യുക്കേഷൻ സൊസൈറ്റി
(ബി) ജമെയത്തുൽ ഉലമ
(സി) കേരള മുജാഹിദിൻ
(ഡി) തിരുവിതാംകൂർ മുസ്ലിം മഹാജനസഭ

17. തളി റോഡ് സമരം നയിച്ച സാമൂഹിക പരിഷ്കർത്താവ്: (046/2018)
(എ) ടി.കെ.മാധവൻ (ബി) വാഗ്ഭടാനന്ദൻ
(സി) ടി.വി.കൃഷ്ണൻ (ഡി) സി.കൃഷ്ണൻ

18. അയ്യത്താൻ ഗോപാലനുമായി ബന്ധപ്പെട്ടത് ഏത്:
(എ) കല്യാണദായിനി സഭ
(ബി) സുഗുണ വർധിനി
(സി) സനാതനധർമ വിദ്യാർഥി സംഘം
(ഡി) അരയസമാജം

19. കേരളത്തിലെ വിവേകാനന്ദൻ എന്നറിയപ്പെടുന്ന ആത്മീയ വിപ്ലവകാരി: (97/2018)
(എ) വൈകുണ്ഠസ്വാമികൾ
(ബി) ആഗമാനന്ദസ്വാമികൾ



(സി) ശ്രീനാരായണഗുരു (ഡി) ചട്ടമ്പിസ്വാമികൾ

20. ആലുവയിൽ ശ്രീനാരായണ സേവിക പ്രസ്ഥാനം ആരംഭിച്ചത്:
(എ) സഹോദരൻ അയ്യപ്പൻ (ബി) സി.കേശവൻ
(സി) വാഗ്ഭടാനന്ദൻ (ഡി) കുമാരനാശാൻ

21. താഴെക്കൊടുത്തിരിക്കുന്നവയിൽ ഏത് സംഭവമാണ് 1936-ൽ നടന്നത് അല്ലാത്തത്:
(എ) ക്ഷേത്രപ്രവേശന വിളംബരം
(ബി) പട്ടിണിജാഥ (സി) വൈദ്യുതി സമരം
(ഡി) യാചനായാത്ര

22. താഴെക്കൊടുത്തിരിക്കുന്നവയിൽ ഒടുവിൽ രൂപംകൊണ്ടത്
(എ) എസ് എൻ ഡി പി യോഗം
(ബി) സാധുജനപരിപാലനസംഘം
(സി) പി ആർ ഡി എസ്
(ഡി) വാലസമുദായ പരിഷ്കരണിസഭ

23. സനാതനധർമ വിദ്യാർഥി സംഘം സ്ഥാപിച്ചതാര്:
(എ) വാഗ്ഭടാനന്ദൻ (ബി) ആലത്തൂർ ശിവയോഗി
(സി) ശുഭാനന്ദഗുരുദേവൻ (ഡി) ആഗമാനന്ദൻ

24. 1938-ൽ സോഷ്യലിസ്റ്റ് പാർട്ടി സ്ഥാപിച്ചത്:
(എ) സഹോദരൻ അയ്യപ്പൻ (ബി) ഇ.എം.എസ്.
(സി) എ.കെ.ഗോപാലൻ (ഡി) പട്ടം താണുപിള്ള

25. ചിന്താവിപ്ലവം എന്ന പുസ്തകം രചിച്ചത്:
(എ) കുറ്റിപ്പുഴ കൃഷ്ണപിള്ള (ബി) വാഗ്ഭടാനന്ദൻ
(സി) എം.സി. ജോസഫ് (ഡി) വി.ടി.ഭട്ടതിരിപ്പാട്

26. പുലയരാദി ദളിത വിഭാഗങ്ങൾക്കുവേണ്ടി സംസാരിക്കാൻ തിരുവിതാംകൂർ നിയമനിർമാണസഭയിൽ ആദ്യമായി നാമനിർദ്ദേശം ചെയ്തത് ആരെയാണ്
(എ) അയ്യങ്കാളി
(ബി) പൊയ്കയിൽ യോഹന്നാൻ
(സി) ടി.ടി.കേശവൻ ശാസ്ത്രി
(ഡി) പി.കെ. ഗോവിന്ദപ്പിള്ള

27. ശ്രീനാരായണഗുരു ഏറ്റവും അവസാനം പങ്കെടുത്ത പൊതുചടങ്ങായ എസ്എൻഡിപി യോഗത്തിന്റെ വിശേഷാൽ പൊതുയോഗം 1928 ജനുവരി 18-ന് എവിടെവച്ചാണ് നടന്നത്:
(എ) വർക്കല (ബി) ചെമ്പഴന്തി
(സി) കോട്ടയം (ഡി) അരുവിപ്പുറം

28. കരിഞ്ചന്ത എന്ന നാടകം രചിച്ചത്:
(എ) എ.കെ.ഗോപാലൻ (ബി) ഇഎംഎസ്
(സി) വി.ടി.ഭട്ടതിരിപ്പാട് (ഡി) സി.കേശവൻ

29. ആചാരങ്ങളെല്ലാം ദൈവത്തെ പ്രീതിപ്പെടുത്താനാണെങ്കിൽ ആ ദൈവത്തോട് ഞാൻ യുദ്ധം പ്രഖ്യാപിക്കുന്നു-എന്ന് പറഞ്ഞത്:
(എ) സഹോദരൻ അയ്യപ്പൻ (ബി) കുമാരനാശാൻ
(സി) വാഗ്ഭടാനന്ദൻ (ഡി) സി.കേശവൻ

30. അധഃസ്ഥിതരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി 1931-ൽ പയ്യന്നൂരിൽ സബർമതി ആശ്രമത്തിന്റെ മാതൃകയിൽ ശ്രീനാരായണവിദ്യാലയം സ്ഥാപിച്ചതാര്:
(എ) ആനന്ദതീർഥൻ (ബി) വാഗ്ഭടാനന്ദൻ
(സി) മൂർക്കോത്ത് കുമാരൻ (ഡി) സി.കൃഷ്ണൻ

31. കേരളത്തിൽ മുസ്ലിങ്ങളുടെ ആദ്യത്തെ സാമൂഹികക്ഷേമ സഭയായ മഊനത്തിൽ ഇസ്ലാം സഭ സ്ഥാപിതമായത് എവിടെയാണ്
(എ) കല്ലായി (ബി) കോഴിക്കോട്
(സി) പൊന്നാനി (ഡി) തിരൂർ

32. തിരുവനന്തപുരത്ത് 1902-ൽ ആരംഭിച്ച കേരള പഞ്ചികയുടെ സ്ഥാപക പത്രാധിപർ ആരായിരുന്നു?
(എ) മാർത്താണ്ഡൻ തമ്പി (ബി) സി പി ഗോവിന്ദപ്പിള്ള
(സി) എം.ഗോവിന്ദൻ (ഡി) കെ.രാമകൃഷ്ണപിള്ള

33. 1907-ൽ 'കേരളീയ നായർ സമാജം' സ്ഥാപിച്ചതാര് ?
(എ) സി.കൃഷ്ണപിള്ള (ബി) മന്നത്ത് പദ്മനാഭൻ
(സി) ജി.പി.പിള്ള (ഡി) സി.വി.രാമൻപിള്ള

34. കേരള കൗമുദിയുടെ ആദ്യ പത്രാധിപർ:
(എ) പരവൂർ കേശവനാശാൻ
(ബി) കെ.സുകുമാരൻ
(സി) മൂലൂർ എസ് പത്മനാഭപ്പണിക്കർ
(ഡി) സി.വി.കുഞ്ഞുരാമൻ

35. 1903-ൽ മലബാറിലെ ആദ്യത്തെ രാഷ്ട്രീയ സമ്മേളനം നടന്നത് എവിടെ വച്ചാണ്
(എ) കോഴിക്കോട് (ബി) കണ്ണൂർ
(സി) പാലക്കാട് (ഡി) തലശ്ശേരി

36. ശ്രീനാരായണഗുരു ജഗന്നാഥക്ഷേത്രം സ്ഥാപിച്ച സ്ഥലം
(എ) മംഗലാപുരം (ബി) കാരമുക്ക്
(സി) തലശ്ശേരി (ഡി) മുരുക്കുംപുഴ

37. സ്വാമി ആര്യഭടൻ ആരുടെ പ്രമുഖ ശിഷ്യനായിരുന്നു:
(എ) ശ്രീനാരായണഗുരു (ബി) തൈക്കാട് അയ്യ
(സി) അയ്യാ വൈകുണ്ഠർ (ഡി) വാഗ്ഭടാനന്ദൻ

38. വി.ടി.സ്മാരക ട്രസ്റ്റിന്റെ ആസ്ഥാനം:
(എ) അങ്കമാലി (ബി) ഇരിങ്ങാലക്കുട
(സി) ചെറായി (ഡി) തൃശ്ശൂർ

39. പഞ്ചപാണ്ഡവരുടെ പുനരവതാരം എന്ന് അനുയായികൾ വിശ്വസിക്കുന്ന അഞ്ച് ശിഷ്യൻമാർ ഉണ്ടായിരുന്നത് ഏത് നവോത്ഥാന നായകനാണ്:
(എ) അയ്യാ വൈകുണ്ഠർ (ബി) ആലത്തൂർ ശിവയോഗി
(സി) വൈകുണ്ഠസ്വാമി (ഡി) വാഗ്ഭടാനന്ദൻ

40. 1903-ൽ കോഴിക്കോട്ടു വച്ചു നടന്ന പ്രഥമ മലബാർ രാഷ്ട്രീയ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചതാര്
(എ) സി.വിജയരാഘവാചാര്യർ
(ബി) സി.പി.രാമസ്വാമി അയ്യർ (സി) ആനി ബസന്റ്
(ഡി) ഇ വി രാമസ്വാമി നായ്ക്കർ

## Answers

1 (c) 2(a) 3 (a) 4 (c) 5(a) 6(b) 7(c) 8(c) 9(c) 10(a) 11(a) 12(c) 13(a) 14(a) 15(d) 16(d) 17(d) 18(b) 19(c) 20(a) 21(d) 22(d) 23 (d) 24 (a) 25(c)2 6(d) 27(c) 28(c) 29(a) 30(a) 31(c) 32(d) 33(a) 34(c) 35(a)36(a)37(d) 38(a) 39(c) 40(a)